മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇപ്പോൾ സാദ്ധ്യമല്ല.

REPORT IN THE "KAHALAM" DATED 21ST THULAM 1124 UNDER THE CAPTION "കടിയിറക്കഭീഷണി"

238. (347) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്ന് സദയം മറുപടി പറയുമോ.—

(എ) ഫാറൂഖ് തുലാം ഫാം തിയ്യതിയിലെ "കാഹളത്തിൽ" "കടിയിറക്കഭീഷണി" എന്ന തലവാചകത്തിൽ പ്രസിദ്ധീകരിച്ചു കാണുന്ന ലേഖനത്തിൽ ഗവർമ്മെണ്ടിന്റെ ശ്രദ്ധ പതിഞ്ഞിട്ടുണ്ടോ;

(ബി) ടി ലേഖനത്തിൽ പറയുന്ന ശങ്കരനേയും മകൻ ചാക്കുപ്പനേയും കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനിൽവെച്ച് മർദ്ദിച്ചുവെന്നുള്ള പരാതിയെക്കുറിച്ച് അന്വേഷണം നടത്തിയൊ ;

(സി) പറമ്പുടമസ്ഥൻ തെരുവിൽ ദാമോദരൻമാസ്റ്റർ പൊല്ലീസ്സിൽ ഹർജി കൊടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതനുസരിച്ചാണൊ മേൽപറഞ്ഞ മർദ്ദനം നടന്നുവെന്ന് പറയപ്പെട്ടതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) ഉവ്വ്.

(സി) ഉണ്ട്.

(ഡി) മർദ്ദനം നടന്നിട്ടില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: ഇപ്പോഴത്തെ സംഭവങ്ങളെ സംബന്ധിച്ചുള്ള നടപടി എങ്ങിനെ ഇരിക്കുന്നു എന്നു ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഒരു മർദ്ദനം നടന്നിട്ടില്ലെന്നാണ് ഗവൺമെണ്ടിന്റെ അറിവു്.

മിസ്റ്റർ കെ. കെ. കണ്ണൻ: പോലീസു നടപടി എങ്ങിനെ ഇരിക്കുന്നു എന്നു ഗവൺമെണ്ടു അന്വേഷിക്കുകയുണ്ടായൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു അന്വേഷിച്ചു അറിവുതരാം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ബി ഉത്തരത്തിൽ ഉവ്വ് എന്നു പറഞ്ഞിട്ടുണ്ടു്. ആരാണു സ്റ്റേഷനിൽ വച്ചു നടന്ന മർദ്ദനത്തെപ്പറ്റി അന്വേഷണം നടത്തിയതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ പേരുപറയണമെങ്കിൽ നോട്ടീസുവേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സ്റ്റേഷനിൽ വച്ചു നടക്കുന്ന മർദ്ദനത്തെക്കുറിച്ചു അന്വേഷണം നടത്തിയാൽ സാധാരണയായി അതു തെളിയാവുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തെളിഞ്ഞു എന്നും വരാം, തെളിഞ്ഞില്ലെന്നും വരാം.

മിസ്റ്റർ എം. ഐ. പോൾ: സ്റ്റേഷനിൽ വച്ചു നടക്കുന്ന മർദ്ദനത്തെ സംബന്ധിച്ചു സാക്ഷിപറയാൻ പോലീസുകാരെ അല്ലാതെ വേറെ വല്ലവരേയും കിട്ടുവാൻ മാർഗ്ഗമുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വേറെ വല്ലവരും അവിടെ ഉണ്ടായിരുന്നുവെങ്കിൽ അവർക്കും സാക്ഷി പറയാം.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: സ്റ്റേഷനിൽ വച്ചുനടക്കുന്ന മർദ്ദനത്തെ, മർദ്ദനം എന്നു പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു ചിന്തിയ്ക്കേണ്ട കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly